ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 26.07.2026**

## പ്രധാനവാർത്തകൾ

1. കാർഗിൽ വിജയ് ദിവസിൽ ധീരസൈനികർക്ക് ആദരം അർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രതിരോധ രംഗത്തെ രാജ്യത്തിൻറെ സ്വയം പര്യാപ്തതയെക്കുറിച്ചും മൻ കി ബാത്തിൽ പരാമർശം.

2. സ്വാതന്ത്ര്യ ദിനാഘോഷ വേളയിൽ വീടുകളിൽ ത്രിവർണ്ണ പതാക ഉയർത്തണമെന്ന് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി. കേരളത്തിലെ അക്ഷര കംദുകം ക്ലബിനും കുത്താമ്പുള്ളി കൈത്തറിക്കും മൻ കി ബാത്തിൽ അഭിനന്ദനം.

3. കേന്ദ്ര വിദ്യാഭ്യാസ മന്ത്രിയായി പ്രൾഹാദ് ജോഷി ചുമതലയേറ്റു. പൊതു പരീക്ഷകളിലെ ക്രമക്കേടുകൾ തടയുന്നതിനുള്ള ഭേദഗതി ബിൽ കേന്ദ്ര സർക്കാർ നാളെ ലോക്സഭയിൽ അവതരിപ്പിക്കും.

4. ലക്ഷദ്വീപിലെ വിവിധയിടങ്ങളിൽ ഡെങ്കിപ്പനിയും ചെള്ള് പനിയും റിപ്പോർട്ട് ചെയ്തത സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനം ശക്തമാക്കി ആരോഗ്യ വകുപ്പ്.

RNU TVPM

5. സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. 5 ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത.

6. കോമൺവെൽത്ത് ഗെയിംസ് ഭാരോദ്വഹനത്തിൽ വെള്ളി നേടി ഇന്ത്യയുടെ ഋഷികാന്ത സിംഗ് ചനംബാം. ഇന്ത്യയ്ക്കെതിരായ മൂന്നാം ടി-20 മത്സരത്തിൽ സിംബാബ് വെ യ്ക്ക് 193 റൺസ് വിജയലക്ഷ്യം.

&&&&&&&&&&&&&&&&&&&

<u>മൻ കി ബാത് - കാർഗിൽ ഇൻട്രോ</u>

RNU TVPM

കാർഗിൽ വിജയ് ദിവസിൽ ധീരസൈനികർക്ക് ആദരാഞ്ജലി അർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. കാർഗിലിലെ കഠിനമായ കാലാവസ്ഥ, ശത്രുവിന്റെ വെല്ലുവിളികൾ തുടങ്ങിയവ മനോധൈര്യത്തോടെ നേരിട്ട സൈനികരെ അദ്ദേഹം മൻ കി ബാത്തിന്റെ 136-ാാം പതിപ്പിൽ അനുസ്മരിച്ചു. രാജ്യസുരക്ഷയ്ക്കായി സർവതും ത്യജിച്ച സൈനികരുടെ അവിശ്വസനീയ ധൈര്യത്തിന് മുന്നിൽ ആദരം അർപ്പിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ്)

പ്രതിരോധ രംഗത്തെ രാജ്യത്തിൻറെ സ്വയം പര്യാപ്തതയെക്കുറിച്ച് പരാമർശിച്ച പ്രധാനമന്ത്രി ഇന്ത്യൻ നാവിക സേനയുടെ ഭാഗമായി മാറിയ യുദ്ധക്കപ്പൽ ഐഎൻഎസ് മഹേന്ദ്രഗിരി, ഡി.ആർ.ഡി.ഒ. പിനാക്ക ലോംഗ് റേഞ്ച് ഗൈഡഡ് റോക്കറ്റ്, കുശ മിസൈൽ എന്നിവയെക്കുറിച്ചും മൻ കി ബാത്തിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&&

## എംകെ ബി സ്വാതന്ത്ര്യദിനം

ഓഗസ്റ്റ് 15 ന് രാജ്യം സ്വാതന്ത്ര്യ ദിനം ആഘോഷിക്കാനിരിക്കെ, ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി സർവ്വവും സമർപ്പിച്ച എണ്ണമറ്റ ധീരരെ പ്രധാനമന്ത്രി മൻ കി ബാത്തിൽ സ്മരിച്ചു. "ഹർ ഘർ തിരംഗ" കാമ്പയിൻ പൂർണ്ണ ആവേശത്തോടെ ഈ വർഷവും മുന്നോട്ട് കൊണ്ടുപോകണമെന്നും, വീടുകളിൽ ത്രിവർണ്ണ പതാക പൂർണ്ണ ബഹുമാനത്തോടെ ഉയർത്തണമെന്നും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു സ്വാതന്ത്ര്യ ദിനത്തിന് മുൻപായി ജനങ്ങൾ ആശയങ്ങളും നിർദ്ദേശങ്ങളും പതിവുപോലെ MyGov- ൽ പങ്കിടണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&&

## മൻ കി ബാത്ത്- അഭിലാഷ് (ഇൻട്രോ)

ഗ്ലാസ്ഗോയിൽ നടക്കുന്ന കോമൺവെൽത്ത് ഗെയിംസിൽ പങ്കെടുക്കുന്ന ഇന്ത്യൻ താരങ്ങൾക്ക് പ്രധാനമന്ത്രി ആശംസകൾ നേർന്നു. ജപ്പാൻ ഓപ്പൺ കിരീടം നേടിയ പി.വി.സിന്ധുവിനെയും , ലോർഡ്സ് ക്രിക്കറ്റ് ടെസ്റ്റിൽ വിജയിച്ച ഇന്ത്യൻ വനിതാ ടീമിനെയും അദ്ദേഹം അഭിനന്ദിച്ചു. കുട്ടികൾക്ക് സംസ്കൃതഭാഷ പഠനം രസകരമാക്കുന്നതിനായി എറണാകുളത്തെ സൗത്ത് ചിറ്റൂർ സെന്റ് മേരീസ് യു പി സ്കൂളിലെ സംസ്കൃത അധ്യാപകനായ അഭിലാഷ് ടി പ്രതാപ് നടത്തിയ ശ്രമങ്ങൾ പ്രധാനമന്ത്രി മൻ കി ബാത് പരിപാടിയിൽ പ്രത്യേകം പരാമർശിച്ചു.

RNUTVPM

സംസ്കൃത അക്ഷരങ്ങളെ ഫുട്ബോളിലെ വാക്കുകളുമായി ബന്ധിപ്പിച്ച് പരിശീലിപ്പിക്കുന്ന 'അക്ഷര കംദുകം' ക്ലബിനെ കുറിച്ചാണ് അദ്ദേഹം പറഞ്ഞത്.

(ഹോൾഡ്-പിഎം )

**&&&&&&&&&&&&&&&&&&&**

## എംകെബി ജനറൽ

കാച്ച് ദി റെയിൻ' കാമ്പെയ്നിനെക്കുറിച്ചും പ്രധാനമന്ത്രി മൻ കി ബാത്തിൽ പ്രത്യേകം പരാമർശിച്ചു. ഓരോ തുള്ളി മഴയും സംരക്ഷിക്കാൻ ഈ കാമ്പെയ്നെ ബഹുജന പ്രസ്ഥാനമാക്കി മാറ്റണമെന്ന് അദ്ദേഹം ജനങ്ങളോട് അഭ്യർത്ഥിച്ചു. സ്വകാര്യ മേഖല വികസിപ്പിച്ച രാജ്യത്തെ ആദ്യ റോക്കറ്റായ വിക്രം-1 ന്റെ വിജയകരമായ വിക്ഷേപണം ഓരോ ഭാരതീയനും അഭിമാനം സമ്മാനിച്ചതായും അദ്ദേഹം അഭിപ്രായപ്പെട്ടു. ഒളിമ്പ്യാഡുകളുടെയും ഹാക്കത്തോണുകളുടെയും സംസ്കാരം രാജ്യത്ത് നിരന്തരം വളർന്നുവരുന്നത് സന്തോഷകരമാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി .അടുത്തമാസം 7 ന്, രാജ്യം 'ദേശീയ കൈത്തറി ദിനം' ആഘോഷിക്കുന്ന വേളയിൽ, കൈത്തറി മേഖലയിൽ തൊഴിലെടുക്കുന്നവരെക്കുറിച്ച് പറഞ്ഞ പ്രധാനമന്ത്രി കുത്താംപുള്ളി കൈത്തറിയെക്കുറിച്ചും മൻ കി ബാത്തിൽ പരാമർശിച്ചു .ഏക് പേഡ് മാ കേ നാം' കാമ്പെയ്ൻ, പ്ലാസ്റ്റിക് സംസ്കരിക്കേണ്ടതിൻറെ പ്രാധാന്യം എന്നിവയെക്കുറിച്ചും അദ്ദേഹം വ്യക്തമാക്കി. ഗണേഷ് ഉത്സവത്തിൽ പ്ലാസ്റ്റർ ഓഫ് പാരിസ് ഉപയോഗിച്ചോ ഇറക്കുമതി ചെയ്ത ഗണേശ വിഗ്രഹങ്ങൾക്കോ പകരം,

RNU TVPM

വീടുകളിൽ മണ്ണിൽ നിർമ്മിച്ച വിഗ്രഹങ്ങൾ ഉപയോഗിക്കണമെന്നും അദ്ദേഹം പറഞ്ഞു. കശ്മീരിലെപരമ്പരാഗത പായയായ 'വഗു', ഉത്തർപ്രദേശിലെ ലഖിവാല ഗ്രാമത്തിലെ 'സ്ത്രീ സ്വയം സഹായ സംഘം' ഉത്പാദിപ്പിക്കുന്ന "വിദുർ പ്രേരണ സ്വദേശി ഹെർബൽ ടീ" എന്നിവയെക്കുറിച്ചും കോക്ബോറോക്ക് നാടൻ പാട്ടുകൾ, ബൗൾ ഗാനങ്ങൾ തുടങ്ങി രാജ്യത്തിൻറെ സംഗീത പാരമ്പര്യത്തിൻറെ സവിശേഷതകളെക്കുറിച്ചും അദ്ദേഹം പരാമർശിച്ചു.

&&&&&&&&&&&&&&&&&&&

**<u>പ്രൾഹാദ് ജോഷി</u>**

കേന്ദ്ര വിദ്യാഭ്യാസ മന്ത്രിയായി പ്രൾഹാദ് ജോഷി ചുമതലയേറ്റു. ധർമ്മേന്ദ്ര പ്രധാൻറെ രാജിയെത്തുടർന്നാണ് നിയമനം. വിദ്യാഭ്യാസ മന്ത്രാലയത്തിൻറെ ചുമതല കൂടാതെ ഉപഭോക്തൃകാര്യം, ഭക്ഷ്യ, പൊതുവിതരണം, നവ, പുനരുപയോഗ ഊർജ്ജം എന്നിവയുടെ ചുമതലയും ശ്രീ പ്രൾഹാദ് ജോഷി വഹിക്കുന്നുണ്ട്. സ്ഥാനമേറ്റതിന് പിന്നാലെ, വിദ്യാഭ്യാസ മന്ത്രാലയത്തിലെ സുപ്രധാന പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച അവലോകന യോഗത്തിൽ അദ്ദേഹം പങ്കെടുത്തു. വിദ്യാഭ്യാസ സഹമന്ത്രി ജയന്ത് ചൗധരിയും മുതിർന്ന ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തിരുന്നു.

&&&&&&&&&&&&&&&&&&&

**<u>പാർലമെൻറ് ബിൽ</u>**

RNUTVPM

പൊതു പരീക്ഷകളിലെ ക്രമക്കേടുകൾ തടയുന്നതിനുള്ള ഭേദഗതി ബിൽ കേന്ദ്ര സർക്കാർ നാളെ ലോക്സഭയിൽ അവതരിപ്പിക്കും. ഇത് സംബന്ധിച്ച, 2024 ലെ നിയമം ഭേദഗതി ചെയ്യുന്ന ബിൽ കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗായിരിക്കും അവതരിപ്പിക്കുക. ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കുന്നതിനും ചോദ്യ പേപ്പർ ചോർച്ച, പരീക്ഷാ ക്രമക്കേടുകൾ എന്നിവയിൽ കർശനമായ ശിക്ഷ ഉറപ്പാക്കുന്നതിനുമുള്ള കരട് ബിൽ വെള്ളിയാഴ്ച കേന്ദ്ര മന്ത്രിസഭ അംഗീകരിച്ചിരുന്നു.

&&&&&&&&&&&&&&&&&&&

വികസിത ഭാരത് വൈ ബ്രന്റ് വില്ലേജ്-പ്രധാനമന്ത്രി

PIU TVPM

ഇന്ത്യയുടെ സാംസ്കാരിക സ്വഭാവത്തിന് എന്നും കരുത്ത് പകർന്നിട്ടുള്ളത് കൂട്ടായ പങ്കാളിത്തമെന്നു പ്രധാനമന്ത്രി നരേന്ദ്രമോദി. വികസിത ഭാരത് വൈബ്രൻറ് വില്ലേജ് പ്രോഗ്രാം 2026 ൽ പങ്കെടുത്ത യുവാക്കളുമായി ഓൺലൈനിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&&

പാങ്ങോട്-കാർഗിൽ

കാർഗിൽ വിജയ ദിനത്തിൻ്റെ 27-ാം വാർഷികം തിരുവനന്തപുരം പാങ്ങോട് സൈനിക കേന്ദ്രത്തിൽ സമുചിതമായി ആഘോഷിച്ചു. സൈനിക കേന്ദ്ര മേധാവി ബ്രിഗേഡിയർ അനുരാഗ് ഉപാധ്യായ മുഖ്യാതിഥിയായി. കാർഗിലിൽ വീരമൃത്യ വരിച്ച സൈനികർക്ക് ആദരാഞ്ജലി

അർപ്പിച്ച് കൊണ്ട് സ്റ്റേഷൻ കമാൻഡർ യുദ്ധ സ്മാരകത്തിൽ പുഷ്പചക്രം സമർപ്പിച്ചു.

&&&&&&&&&&&&&&&&&&&

## കാർഗിൽ -സുരേഷ് ഗോപി

കാർഗിൽ വിജയ് ദിവസിൻറെ ഭാഗമായി തൃശ്ശൂർ അയ്യന്തോളിലെ അമർ ജവാൻ സ്മാരകത്തിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പുഷ്പാർച്ചന നടത്തി. രാജ്യത്തിൻറെ അതിർത്തികൾ കാക്കാൻ ജീവൻ സമർപ്പിച്ച ധീരസൈനികരുടെ ത്യാഗം ഓരോ ഭാരതീയനും എന്നും നന്ദിയോടെ സ്മരിക്കേണ്ടതാണെന്ന് മന്ത്രി പറഞ്ഞു. കാർഗിൽ യുദ്ധത്തിൽ വീരമൃത്യു വരിച്ച ഹവിൽദാർ ഈനാശുവിൻറെ ഭാര്യ ഷിജി ഈനാശു ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്തു.

&&&&&&&&&&&&&&&&&&&

## ലക്ഷദ്വീപ് ഇൻട്രോ

ലക്ഷദ്വീപിലെ വിവിധ ദ്വീപുകളിലായി ഡെങ്കിപ്പനിയും ചെള്ള് പനിയും റിപ്പോർട്ട് ചെയ്യുതായി ആരോഗ്യ വകുപ്പ് .കൊതുക്, ചെള്ള് എന്നിവയുടെ ഉറവിടങ്ങൾ കണ്ടെത്തി നശിപ്പിക്കുന്നതിനും പൊതുജനങ്ങളിൽ ബോധവൽക്കരണം ശക്തമാക്കുന്നതിനുമുള്ള നടപടികൾ വിവിധ ദ്വീപുകളിൽ പുരോഗമിക്കുകയാണ്. രോഗലക്ഷണങ്ങൾ അനുഭവപ്പെടുന്നവർ ചികിത്സ വൈകിക്കാതെ സമീപത്തെ ആരോഗ്യ കേന്ദ്രങ്ങളിൽ എത്തി പരിശോധന നടത്തണമെന്ന് അധികൃതർ നിർദേശിച്ചു. രോഗവ്യാപന സാധ്യതകൾ കണക്കിലെടുത്ത് പ്രതിരോധ പ്രവർത്തനങ്ങൾ

RNU TVPM

കൂടുതൽ ഊർജിതമാക്കിയിട്ടുണ്ടെന്നും, നിലവിൽ സാഹചര്യങ്ങൾ നിയന്ത്രണവിധേയമാണെന്നും NVBDCP സ്റ്റേറ്റ് നോഡൽ ഓഫീസർ ഡോക്ടർ നിഷാദ് ഖാൻ വ്യക്തമാക്കി.

(വോയിസ് )

&&&&&&&&&&&&&&&&&&&

**<u>മഴ മുന്നറയിപ്പ്</u>**

ബംഗാൾ ഉൾക്കടലിലെ ന്യൂനമർദ്ദത്തിൻറെ സ്വാധീനത്താൽ സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ കാസറഗോഡ് ജില്ലകളിൽ ഇന്നും മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

RNU TVPM

&&&&&&&&&&&&&&&&&&&

**<u>കോമൺ വെൽത്ത് ഗെയിം സ്</u>**

കോമൺവെൽത്ത് ഗെയിംസിൽ രണ്ടാം മെഡൽ സ്വന്തമാക്കി ഇന്ത്യ. പുരുഷന്മാരുടെ 60 കിലോഗ്രാം ഭാരോദ്വഹനത്തിൽ ഇന്ത്യയുടെ ഋഷികാന്ത സിംഗ് ചനംബാം വെള്ളി മെഡൽ നേടി. മലേഷ്യയുടെ മുഹമ്മദ് അനിഖ് കസ്ദാനാണ് സ്വർണ്ണ മെഡൽ നേടിയത്. പാരാ പവർ ലിഫ്റ്റിങ്ങിൽ ഇന്ത്യയുടെ ത്ധണ്ടു കുമാർ കഴിഞ്ഞ ദിവസം വെങ്കലം നേടിയിരുന്നു.

&&&&&&&&&&&&&&&&&&&

ക്രിക്കറ്റ്-ഇന്ത്യ-സിംബാവ്വെ

ഹരാരെയിൽ നടക്കുന്ന ഇന്ത്യ- സിംബാബ്വെ പുരുഷ ടി-20 ക്രിക്കറ്റ് മൂന്നാം മത്സരത്തിൽ സിംബാബ്വെ യ്ക്ക് 193 റൺസ് വിജയലക്ഷ്യം. ടോസ് നേടി ബാറ്റിംഗിനിറങ്ങിയ ഇന്ത്യയ്ക്ക് വൈഭവ് സൂര്യവംശിയുടെ അർദ്ധസെഞ്ചുറിയാണ് മികച്ച സ്കോർ സമ്മാനിച്ചത്. സിംബാബ്വെയുടെ മറുപടി ബാറ്റിങ്ങ് പുരോഗമിക്കുകയാണ്. മൂന്ന് മത്സരങ്ങളുള്ള പരമ്പരയിൽ ഇന്ത്യ നിലവിൽ 2-0 ന് മുന്നിലാണ്.

&&&&&&&&&&&&&&&&&&&

&&&&&&&&&

&&&

RNU TVPM